മഹാനാട്ടുകൂട്ടം പരിപാടിയിലെ ജനപങ്കാളിത്തം

266 (1228) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണാട്ടുകര വികസന ഏജൻസിയുടെ പരിധിയിൽ എത്ര പഞ്ചായത്തുകളാണുള്ളത് ; അവ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) വികസന ഏജൻസിയുടെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ എവിടെയൊക്കെയാണ് ചെറുനാട്ടുകൂട്ടം പരിപാടി നടന്നത് ;

(സി) ചെറുനാട്ടുകൂട്ടങ്ങൾ ചേർന്നുള്ള മഹാനാട്ടുകൂട്ടം പരിപാടിയിൽ ജനപങ്കാളിത്തം വർദ്ധിക്കുവാനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) ഓണാട്ടുകര മേഖലയിലെ സംസ്ക്കാരവും, പാരമ്പര്യവും, പുരാതന കാർഷികരീതികളെയും പ്രോത്സാഹിപ്പിക്കുവാൻ ചെറുനാട്ടുകൂട്ടം, മഹാനാട്ടുകൂട്ടം പരിപാടികൾ ഗുണപ്രദമായിരുന്നോ ?

ഉത്തരം

(എ) ഓണാട്ടുകര വികസന ഏജൻസിയുടെ പരിധിയിൽ 41 ഗ്രാമ പഞ്ചായത്തുകളാണുള്ളത്. ഇവയുടെ പേരുകൾ ചുവടെ ചേർക്കുന്നു: കരുവാറ്റ, ചെറുതന, പള്ളിപ്പാട്, ഹരിപ്പാട്, വീയപുരം, ചെന്നിത്തല, തഴവ, തൊടിയൂർ, തെക്കുംഭാഗം, ഓച്ചിറ, കൃഷ്ണപുരം, പന്തളം, പാലമേൽ, നൂറനാട്, തഴക്കര, താമരക്കുളം, തെക്കേക്കര, മേനിക്കാവ്, ചുനക്കര, ചെട്ടിക്കുളങ്ങര, പത്തിയൂർ, വള്ളിക്കുന്നം, ചേപ്പാട്, ചവറ, നീണ്ടകര, ആലപ്പാട്, ക്ലാപ്പന, മുതുകുളം, കാർത്തികപ്പള്ളി, തൃക്കുന്നപ്പുഴ, കുമാരപുരം, ചിങ്ങോലി, കണ്ടല്ലൂർ, പന്മന, തേവലക്കര, ദേവികുളങ്ങര, ആറാട്ടുപുഴ, ശൂരനാട് വടക്ക്, ശൂരനാട് തെക്ക്, മൈനാഗപ്പള്ളി, കുലശേഖരപുരം. ഇതുകൂടാതെ വികസന ഏജൻസിയുടെ പരിധിയിൽ കായംകുളം, മാവേലിക്കര, കരുനാഗപ്പള്ളി എന്നീ 3 മുനിസിപ്പാലിറ്റികൾ കൂടി ഉൾപ്പെടുന്നു.

(ബി) വികസന ഏജൻസിയുടെ പരിധിയിൽ വരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും ചെറുനാട്ടുകൂട്ടങ്ങൾ നടത്തിയിട്ടുണ്ട്.

(സി) നാട്ടുകൂട്ടം എന്ന നൂതന ആശയം നടപ്പിലാക്കുക വഴി പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് കർഷകർക്ക് തങ്ങൾ അഭിമുഖീകരിച്ചു വരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കുമെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്നാണ് മഹാനാട്ടുക്കൂട്ടം പരിപാടിയിൽ ജനപങ്കാളിത്തം ഉണ്ടായത്.

(ഡി) പുരാതന കൃഷിരീതിയും, സംസ്കാരവും പുതിയ തലമുറയിൽ എത്തിക്കുവാനും പ്രാവർത്തികമാക്കാനും ചെറുനാട്ടുക്കൂട്ടം-മഹാനാട്ടുക്കൂട്ടം പരിപാടികൾ വളരെയധികം പ്രയോജനം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly